ഖുത്വ്ബ നമ്പർ
23
08-06-2012

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# വിജയകരമായ ഹോളണ്ട്,ജർമ്മനി പര്യടനം

ഹദ്റത്ത് മസീഹ് മൗഊദ് (അ) നോട് തന്റെ ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചുള്ള അല്ലാഹുവിന്റെ വാഗ്ദാനം, ഓരോ അഹ്മ്മദിയും എന്നല്ല അഹ്മദിയ്യത്തിന്റെ എതിരാളികൾ പോലും പൂർത്തിയാകുന്നതായി കാണുന്നു. ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്തിലെ ഏത് രാജ്യത്ത് പോയാലും അവിടെ ഏതാനും അംഗങ്ങളാണെങ്കിലും അഹ്മദികളെ കാണാൻ സാധിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു. അല്ലാഹു ജമാഅത്തിനെക്കുറിച്ച് വാഗ്ദാനം ചെയ്തിരിക്കുന്നു.

وَجَاعِلُ الَّذِيْنَ اتَّبَعُوْكَ فَوْقَ الَّذِيْنَ كَفَرُوْٓا اِلٰى يَوْمِ الْقِيٰمَةِ ۚ ثُمَّ اِلَيَّ مَرْجِعُكُمْ فَاَحْكُمُ بَيْنَكُمْ فِيْمَا كُنْتُمْ فِيْهِ تَخْتَلِفُوْنَ ﴿٥٦﴾

അദ്ദേഹം ഇതിന്റെ വിശദീകരണം ബറാഹീനെ അഹ്മദിയ്യായിൽ ഇപ്രകാരം പറയുകയുണ്ടായി. (ഇത് ആയത്തിന്റെ ഒരു ഭാഗവും അദ്ദേഹത്തിന്റെ ഇൽഹാമുംകൂടിയാണ്)

നിന്നെ അനുധാവനം ചെയ്യുന്നവർ, അതായത് യഥാർഥ രൂപത്തിൽ അല്ലാഹുവിനെയും റസൂലിനെയും പിൻതുടരുന്നവരായാൽ, നിഷേധികളായിട്ടുള്ള അവരുടെ എതിരാളികളുടെമേൽ അവർക്ക് ഖിയാമത്ത് നാൾ വരെ വിജയം നൽകുന്നതായിരിക്കും. അതായത് അവർ ഹുജ്ജത്തിലൂടെയും തെളിവുകളിലൂടെയും തങ്ങളുടെ എതിരാളികളുടെ മേൽ വിജയികളായിരിക്കും.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. അല്ലാഹു ജമാഅത്തിനെക്കുറിച്ച് വാഗ്ദാനം തന്നിരിക്കുന്നു.അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്. ഇപ്പോൾ ബീജാവാപമാണ് നടക്കുന്നത്. (ഇപ്പോൾ ബീജാവാപമാണ് നടക്കുന്നത് എന്ന അദ്ദേഹത്തിന്റെ ഈ വാക്കുകൾ 1902 ഒക്ടോബറിലേതാണ്) അതായത് പറയുന്നു. നമ്മുടെ എതിരാളികൾ എന്താണ് ആഗ്രഹിക്കുന്നത്. എന്നാൽ അല്ലാഹുവിന്റെ ഉദ്ദേശ്യം എന്താണ്. അവർ ശ്രദ്ധിക്കുകയാണെങ്കിൽ അവർക്ക് ഇപ്പോൾ തന്നെ അത് ഗ്രഹിക്കാൻ സാധിക്കുന്നതാണ്. (അല്ലാഹുവിന്റെ ഉദ്ദേശ്യം അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ,അവർ ശ്രദ്ധിക്കുകയാണെങ്കിൽ ഓരോരുത്തർക്കും വളരെ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്) അവർ അവരുടെ എല്ലാ വിധത്തിലുള്ള തന്ത്രങ്ങളിലും ഗൂഢാലോചനകളിലും പരാജിതരായിത്തീരുന്നത് കാണാൻ സാധിക്കുന്നതാണ്. പിന്നീട് അവിടുന്ന് പറയുന്നു അഥവാ ഈ എതിർപ്പ് ഇല്ലായിരുന്നുവെങ്കിൽ ഈ വിധത്തിലുള്ള അതഭുതകരമായ പുരോഗതി ഇവിടേയും ഉണ്ടാകുമായിരുന്നില്ല.ഈ പുരോഗതിയിൽ അസാധാരണത്വം പ്രകടമാകുമായിരുന്നില്ല. കാരണം അസാധാരണത്വം എതിർപ്പിലൂടെയും ഏറ്റമുട്ടലിലൂടെയുമാണ് തിളക്കമുള്ളതായിത്തീരുന്നത്.ഒരു ഭാഗത്ത് നമ്മെ തുടച്ച് നീക്കുന്നതിനുള്ള നമ്മുടെ എതിരാളികളുടെ ശ്രമങ്ങൾ നടക്കുന്നു നമ്മുടെ സലാം പോലും സ്വീകരിക്കുന്നില്ല. അസാന്നിധ്യത്തിൽപോലും വെറുപ്പോടുകൂടി സ്മരിക്കുന്നു. (ഇപ്പോൾ ഈ വെറുപ്പ് അതിന്റെ പാരമ്യതയിൽ എത്തിയിരിക്കുന്നു. ചീത്തവിളിയും, അസഭ്യവർഷവും പരസ്യമായി തന്നെ എല്ലാ അതിർവരമ്പുകളും ലംഘിച്ചിരിക്കുന്നു. ഏതായിരുന്നാലും ഇത് എതിരാളികളുടെ ജോലിയാണ്) അവിടുന്ന് പറയുന്നു. എന്നാൽ മറുഭാഗത്ത് അല്ലാഹു അത്ഭുതകരമായ രീതയിൽ ഈ ജമാഅത്തിനെ വളർത്തിക്കൊണ്ടിരിക്കുന്നു. ഇത് ഒരു മുഅ്ജിസാത്ത് അല്ലെങ്കിൽ മറ്റെന്താണ്.ഇത് നമ്മുടെ പ്രവർത്തിയാണോ. അല്ലെങ്കിൽ നമ്മുടെ ജമാഅത്തിന്റെ പ്രവർത്തിയാണോ. അല്ല. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. അതിന്റെ തുടക്കവും അവസാനവും മറ്റാർക്കും മനസ്സിലാക്കാൻ സാധ്യമല്ല.ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ് അവന്റെ കാര്യങ്ങൾ അത്ഭുതകരമാണ്.അല്ലാഹുവിന്റെ ഈ അത്ഭുതകരമായ സഹായത്തിന്റെ ദൃശ്യം നാം ഓരോ ദിവസവും കണ്ട് കൊണ്ടിരിക്കുന്നു. സദ്പ്രകൃതക്കാരായ ആളുകൾ ജമാഅത്തിൽ പ്രവേശിക്കുകയും ഓരോ ദിവസവും ജമാഅത്തിന്റെ അംഗസംഖ്യ വർദ്ധിക്കുകയും ജമാഅത്തിന്റെ അംഗസംഖ്യയിലും,ജമാഅത്തിന്റെ സമ്പത്തിലും അനുഗ്രഹം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഈ കാര്യം അഹ്മ്മദിയ്യത്തിന്റെ എതിരാളികളെ അസൂയയുടെ അഗ്നിയിൽ കൂടുതൽ ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓരോ ദിവസവും പാകിസ്ഥാനിൽ നിന്ന് ഈ വിധത്തിലുള്ള വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. വെറുപ്പും, അസൂയയും, വിദ്വേഷവും ഇത്രമാത്രം അന്ധരായിരിക്കുന്നു. ഏതുവരെയെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഫോട്ടോ വികൃതമാക്കിക്കൊണ്ട് അവതരിപ്പിക്കുന്നു. അതിൽ അസഭ്യം എഴുതുന്നു. കാലുകൾക്കിടയിൽ ചവിട്ടിയരക്കുന്നു. ഒരു നിർഭാഗ്യവാൻ, തന്റെ കടയുടെ വാതിൽക്കലുള്ള ചവിട്ടിയിൽ ഈ ഫോട്ടോ വെക്കുകയുണ്ടായി. വരുന്നവർ ഇതിൽ കാൽവെച്ചുകൊണ്ട് വരുന്നതിന് വേണ്ടി. ഏതായിരുന്നാലും ഇത് അവരുടെ ജോലിയാണ്. എന്നാൽ അല്ലാഹു ഈ ഉദ്യോഗസ്ഥരിൽ നിന്നുതന്നെ സദ്പ്രകൃതക്കാരായ ആളുകളെ എഴുന്നേൽപ്പിക്കുന്നു. ഈ അവസരത്തിലും സർക്കാരിന്റെ ഉദ്യോഗസ്ഥൻ ഫോട്ടോ അവിടെ നിന്ന് എടുത്തു കളയുകയുണ്ടായി. എന്നാൽ ഈ എതിരാളികൾ ഓർക്കേണ്ടതാണ്. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. അല്ലാഹു തന്റെ പ്രിയപ്പെട്ടവനെ സഹായിക്കുന്നവനും അദ്ദേഹത്തിനു വേണ്ടി ആത്മാഭിമാനം ഉള്ളവനുമാണ്. അല്ലാഹുവിന്റെ പ്രിയപ്പെട്ടവനെക്കുറിച്ചുള്ള അവന്റെ ഈ ആത്മാഭിമാനം ദുഷ്പ്രകൃതക്കാരുടെ ഈ പ്രവർത്തിക്കുള്ള പകരം തീർച്ചയായും ചോദിക്കുന്നതായിരിക്കും. തീർച്ചയായും ഇവരും ഇവരുടെ നേതാക്കൻമാരും പാഠമുൾക്കൊള്ളാനുള്ള അടയാളങ്ങളായിത്തീരും. ഒരു കാലം വരും.ഇവരുടെ ഫോട്ടോയല്ല. ഇവർതന്നെ ഇതിൽ കൂടുതലായി ചവിട്ടിയരക്കപ്പെടും. അഹ്മദികൾ സഹനത്തിലൂടെയും ദുആയിലൂടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതുതന്നെയാണ് നമ്മുടെ അധ്യാപനങ്ങൾ, തങ്ങളുടെ സങ്കൽപ്പത്തിന്റെ നമ്മുടെ ഹൃദയങ്ങളെ മുറിവേൽപ്പിക്കുന്നതിനായി എന്താണ് അവർ ഇച്ഛിച്ചിരിക്കുന്നത്, ഏത് മാർഗ്ഗമാണ് ഇവർ അവലംബി

ക്കുന്നത് അത് ചെയ്തുകൊള്ളട്ടെ. നാം നിയമം കൈയ്യിലെടുക്കുകയി ല്ല. എടുക്കാറുമില്ല. എന്നാൽ ഞാൻ പറഞ്ഞതുപോലെ ക്ഷമയിലൂടെയും ദുആയിലൂടെയുമുള്ള പ്രവർത്തനം നടത്തിക്കൊണ്ടേയിരിക്കുന്നതാണ്. ഇത് തന്നെയാണ് ഒരു അഹ്മദിയുടെ പ്രഭാവം. ഈ പ്രഭാവം ലോകത്തിലെ ഓരോ അഹ്മദിയും പ്രത്യേകിച്ച് പാകിസ്ഥാനിലെ അഹ്മദികൾ കൂടുതൽ തിളക്കമുള്ളതാക്കിത്തീർക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. തങ്ങളുടെ ദുആകളിൽ കൂടുതൽ ശക്തിയുണ്ടാക്കിയെടുക്കുക. ഇത് തന്നെയാണ് നമ്മുടെ ആയുധം. ഇതല്ലാതെ മറ്റൊരു ആയുധവും നമുക്ക് പ്രയോജനപ്പെടുകയില്ല. ചില ആളുകൾ പറയാറുണ്ട് അങ്ങനെ ചെയ്യാവുന്നതാണ്. ഇങ്ങനെ ചെയ്യാവുന്നതാണ്. ആദ്യം തങ്ങളുട ദുആകളെ പാരമ്യതയിലെത്തിക്കുക. ഏതായിരുന്നാലും ഞാൻ പറഞ്ഞുവരുന്നത് ജമാഅത്തിന്റെ പുരോഗതിയെക്കുറിച്ചായിരുന്നു. എങ്ങനെയാണ് അല്ലാഹു സഹായിക്കുന്നതെന്നും എങ്ങനെയാണ് സദ്പ്രകൃതക്കാരായ ആളുകളിൽ ഒരു വിപ്ലവം ഉണ്ടാക്കുന്നതെന്നും ആർക്കാണോ ഇസ്ലാമിനോട് അൽപമെങ്കിലും സ്നേഹമുള്ളത്,ആർക്കാണോ ദീനുമായി അൽപം ബന്ധമുള്ളത്. അവർ ആരായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ് (അ)ലേക്ക് ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. അല്ലാഹു അവർക്ക് മാർഗദർശനം നൽകിക്കൊണ്ടിരിക്കുന്നു. എന്നാൽ ഭൗതികരായ ആളുകൾ അവർക്ക് മതത്തോട് അത്ര താൽപര്യമില്ല,അവരിൽ ചിലർ ദൈവത്തിന്റെ അസ്ഥിത്വത്തിലും വിശ്വസിക്കുന്നവരല്ല, അവരും ഈ ജമാഅത്ത്, ഇവരുടെ ചുവടുകൾ ഓരോ നിമിഷവും പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ് എന്ന് മനസ്സിലാക്കാൻ നിർബന്ധിതരായിത്തീർന്നിരിക്കുന്നു. നിങ്ങൾ അവതരിപ്പിക്കുന്ന ഇസ്ലാമിന്റെ അധ്യാപനങ്ങൾ, ഈ അധ്യാപനങ്ങൾ ഒരു ദിവസം ലോകത്ത് അധീശത്വം സ്ഥാപിക്കുമെന്ന് പറയാൻ ഇവർ നിർബന്ധിതരായിത്തീർന്നിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ് ഇത് അവന്റെ ജോലിയാണ്. അത്ഭുതകരമായ കാര്യങ്ങൾ പ്രകടമായിക്കൊണ്ടിരിക്കുന്നു. ജമാഅത്ത് അംഗങ്ങൾ, ജമാഅത്തിന്റെ ജോലികൾക്കായി ഒരു വിരൽ അനക്കുമ്പോൾ അല്ലാഹു ആയിരക്കണക്കിന് കൈകളാൽ ചെയ്യപ്പെടുന്ന ജോലിയുടെ ഫലം അതിന് നൽകുന്നു. ഈ കാര്യം തന്നെയാണ് ശത്രുക്കളെ അസൂയയുടെ അഗ്നിയിൽ കൂടുതൽ ജ്വലിപ്പിച്ച് കൊണ്ടിരിക്കുന്നത്. ഇവരുടെ ഈ വിദ്വേഷം നമ്മോടല്ല. മറിച്ച് അല്ലാഹുവിന്റ പ്രവൃത്തിയോടാണ്. കാരണം അവൻ ജമാഅത്തിന്റെ സഹായത്തിനായി വ്യക്തവും കൃത്യവുമായ അടയാളങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. ഈ എതിരാളികളോടും ശത്രുക്കളോടും ഞാൻ പറയുന്നു. നിങ്ങളുടെ ഏറ്റുമുട്ടൽ അല്ലാഹുവുമായിട്ടാണ്. അല്ലാഹുവുമായി ആർക്കും തന്നെ ഏറ്റുമുട്ടാൻ സാധ്യമല്ല. അതുകൊണ്ട് ഭയക്കുക. അല്ലാഹുവിനെ ഭയപ്പെടുക. അല്ലാഹുവുമായി ഏറ്റുമുട്ടുന്നവരുടെ പൊടിപോലും കാണാൻ സാധിക്കുകയില്ല. ശത്രുക്കളുടെയും എതിരാളികളുടേയും നമ്മോടുള്ള ഈ വിദ്വേഷം നിമിത്തം നമ്മൾ ഓരോ നിമിഷവും നമ്മിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർഷിക്കുന്നതായി കാണുന്നു. ഇവർ മുസ്ലിംകളാണ് എന്ന് പറഞ്ഞിട്ടും ചിന്തിക്കുന്നില്ല. അഹ്മ്മദിയ്യാ ജമാഅത്തിന്റെ എല്ലാവിധത്തിലുമുള്ള പ്രവർത്തികളുടേയും ഫലം, ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ അന്യരിൽ പ്രകടമാകുന്ന തരത്തിലാണ് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ നാമധാരികളായ പണ്ഢിതന്മാർ ഇസ്ലാമിനെ സ്നേഹിക്കുന്നവരല്ല. കേവലം തങ്ങളുടെ മിമ്പറുകളെ മാത്രം സ്നേഹിക്കുന്നവരാണ്. തങ്ങളുടെ പ്രയോജനങ്ങൾ മാത്രം ആഗ്രഹിക്കുന്നവരാണ്.

ഞാൻ പറഞ്ഞതുപോലെ അന്യരിലും അല്ലാഹു നമ്മുടെ വാക്കുകളാൽ നല്ല സ്വാധീനം ജനിപ്പിക്കുന്നു. അവർ ഈ കാര്യം നമ്മുടെ പരിപാടികളിൽ പങ്കെടുത്തുകൊണ്ട് തുറന്ന് പറയുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ എപ്പോഴെല്ലാം വിവിധ രാജ്യങ്ങളിൽ പര്യടനം നടത്തുന്നതിനായി പോയിട്ടുണ്ടോ, ജമാഅത്തുകളുടെ പര്യടനത്തിനായി പോയിട്ടുണ്ടോ അപ്പോഴെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശത്തിലൂടെ ഇസ്ലാമിന്റെ പുതിയ പ്രഭാവം അന്യരിൽ പ്രകടമാകുന്നതായി കണ്ടിട്ടുണ്ട്. നിങ്ങൾക്ക് അറിയുന്നതുപോലെ കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഹോളണ്ടിലേയും ജർമ്മനിയിലേയും ജലസകളിൽ പങ്കെടുക്കുന്നതിനായി പോയിട്ടുണ്ടായിരുന്നു. അവിടങ്ങളിൽ ജമാഅത്ത് അംഗങ്ങളെ കാണാനും അവരോട് സംസാരിക്കാനും അവസരം ലഭിച്ചതോടൊപ്പം അന്യരോടൊപ്പവും ചില പ്രോഗ്രാമുകൾ നടക്കുകയുണ്ടായി. ഈ പ്രോഗ്രാമിലൂടെ അന്യരിലും നല്ല സ്വാധീനം ഉണ്ടായി. അതുപോലെതന്നെ ജലസ കാണുന്നതിനായി തങ്ങളുടെ സുഹൃത്തുക്കളുടെ അപേക്ഷയിൽ എത്തിയ അന്യരിലും ജമാഅത്തിന്റെ അധ്യാപനവും വ്യവസ്ഥിതിയും സ്വാധീനം ചെലുത്തുകയുണ്ടായി. പൊതുവിൽ എന്റെ രീതിയനുസരിച്ച് യാത്രക്ക് ശേഷം, സംക്ഷിപ്തമായി ഞാൻ യാത്രാ അനുഭവങ്ങൾ കേൾപ്പിക്കാറുണ്ട്. അതുപോലെതന്നെ ജലസയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടും ചില കാര്യങ്ങൾ പറയാറുണ്ട്. അതുകൊണ്ട് ആദ്യം ഞാൻ അന്യരുടെ പ്രോഗ്രാമുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ വിവരിച്ചുകൊണ്ട് തുടങ്ങാം. ഞാൻ ഈ യാത്രയിൽ കണ്ട അല്ലാഹുവിന്റെ അനുഗ്രഹവർഷത്തിന്റെ ഏതാനും ചില മിന്നലാട്ടങ്ങളാണ് ഇത്. ഞാൻ പറഞ്ഞതുപോലെ ഹോളണ്ടിലെ ജലസയിൽ ഞാൻ പങ്കെടുത്തു, ഒരുപാട് വർഷങ്ങൾക്ക് ശേഷമാണ് ഇവരുടെ ജലസയിൽ ഞാൻ പങ്കെടുത്തത്. ഇവിടെ നിന്ന് യാത്ര പുറപ്പെടുന്നതിന് മുമ്പ് ഹോളണ്ടിലെ അമീർ സാഹിബിന്റെ കത്ത് വന്നിരുന്നു. ജലസയിൽ പങ്കെടുക്കുന്നതിനായി താങ്കൾ വരുകയാണ്. അതുകൊണ്ട് ഇവിടുത്തെ ഡച്ചുകാരുമായി ഒരു പ്രോഗ്രാം ഉണ്ടാവണം എന്ന് ഇവിടെയുള്ളവർ ആഗ്രഹിക്കുന്നു. ആദ്യം ഞാൻ ഇതിന്റെ ആവശ്യമില്ല എന്ന് പറഞ്ഞ് നിരാകരിച്ചു. കാരണം ഇവർക്ക് അതായത് ജമാഅത്ത് അംഗങ്ങൾക്ക് വിദ്യാസമ്പന്നരായ, പക്വമതികളായ ജനങ്ങളോട് അത്ര വലിയ ബന്ധം ഒന്നുംതന്നെയില്ല എന്നാണ് ഞാൻ ധരിച്ചിരുന്നത്. പിന്നീട് ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാൻ സ്വയം ചിന്തിച്ചു. നമ്മുടെ സെന്ററുള്ള ഈ പ്രദേശം, ജലസ നടക്കേണ്ട സ്ഥലം. ഈ സ്ഥലം, ഈ ദിവസങ്ങളിൽ ഇസ്ലാമിനെതിരിലും, റസൂൽ തിരുമേനി (സ)ക്കെതിരിലും അനാവശ്യങ്ങൾ പുലമ്പുന്ന ഇസ്ലാമിന്റെ ശത്രുവിന്റെ നാടാണ്. അതുകൊണ്ട് ഈ പ്രദേശത്ത് നിന്ന് ഏതാനും രാഷ്ട്രീയക്കാരും, വിദ്യാസമ്പന്നരായ ആളുകളും, പത്രപ്രതിനിധികളും നമ്മുടെ പരിപാടിയിൽ പങ്കെടുക്കുകയാണെങ്കിൽ അത് നല്ല ഒരു അവസരമായിരിക്കും. ജമാഅത്ത് ചെറുതാണ് അതുകൊണ്ട് പത്ത് പതിനഞ്ച് പേരെ ഇവർക്ക് സംഘടിപ്പിക്കാൻ സാധിക്കും എന്നാണ് ഞാൻ വിചാരിച്ചിരുന്നത്. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ 125 ൽപരം ആളുകൾ ഇതിൽ പങ്കെടുത്തു. അതിൽ പ്രദേശത്തെ മെമ്പർ ഓഫ് പാർലമെന്റും, പട്ടണത്തിലെ മേയറും, രാഷ്ട്രീയക്കാരും, വിദ്യാസമ്പന്നരും അത്ഭുതപ്പെടുത്തിക്കൊണ്ട് ചെറിയ പത്രങ്ങളുടെ പ്രതിനിധികളെ കൂടാതെ ദേശീയ പത്രത്തിന്റെ പ്രതിനിധികളും ഉണ്ടായിരുന്നു. അവരുടെ മുമ്പിൽ ഇസ്ലാമിന്റെ മനോഹര അധ്യാപനങ്ങളുടെ ഏതാനും വശങ്ങളും റസൂൽ തിരുമേനി (സ) യുടെ ജീവിത മാതൃകയും വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ അവതരിപ്പിച്ചു. കാരണം ഈ കാര്യങ്ങളെക്കുറിച്ചാണ് അവിടെയുള്ള ആരോപണങ്ങൾ ഉന്നയിക്കാറുള്ള രാഷ്ട്രീയക്കാരൻ ആരോപണങ്ങൾ ഉന്നയിക്കാറുള്ളത്. അവിടുത്തെ മേയറും എം.പിയും സംക്ഷിപ്ത പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. മതസഹിഷ്ണുതയെക്കുറിച്ചും പരസ്പര സഹനത്തെക്കുറിച്ചും സംസാരിച്ചു. പിന്നീട് ഞാൻ പറഞ്ഞതുപോലെ ഞാൻ ഇസ്ലാ

മിന്റെ മനോഹര അധ്യാപനങ്ങളെക്കുറിച്ചും റസൂൽ തിരുമേനി (സ) യുടെ ജീവിതവും അവതരിപ്പിച്ചു. പിന്നീട് എന്നോട് സംസാരിച്ചപ്പോൾ എം.പി,അദ്ദേഹം ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് വളരെ നല്ല നിലയിൽ സ്വാധീനിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അതി നെക്കുറിച്ച് പറയുകയുണ്ടായി. (ഞാൻ പറഞ്ഞതുപോലെ ഹോളണ്ട് ജമാ അത്തിന് രാഷ്ട്രീയക്കാരുമായി ബന്ധമില്ല എന്ന എന്റെ ധാരണ എം.പി യുടെ വാക്കുകളിൽ നിന്ന് ഈ കാര്യം പ്രകടമാവുകയും സാക്ഷ്യപ്പെടു ത്തുകയും ചെയ്തു) അദ്ദേഹം പറഞ്ഞു. നിങ്ങൾ രാഷ്ട്രീയക്കാരുമായും വിദ്യാസമ്പന്നരായ ആളുകളുമായും കൂടുതൽ ബന്ധപ്പെട്ടുകൊണ്ടിരിക്കു കയും അവർക്ക് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞ്കൊടുക്കുകയും, പിന്നീട് പത്രങ്ങളിലും വെബ്സൈറ്റുകളിലും ഇത് രേഖപ്പെടുത്തുകയും ചെയ്യുക. അങ്ങനെ അദ്ദേഹം പേരെടുത്ത് പറയാതെ പറഞ്ഞു. ഇങ്ങനെ ചെയ്യുന്ന പക്ഷം വിൽഡറെപോലുള്ള ഇസ്‌ലാമിന്റെ ശത്രു ക്കളുടെ നാവടങ്ങുന്നതായിരിക്കും.പൊതുജന ങ്ങൾക്കും ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങളെക്കുറിച്ച് മനസ്സിലാ ക്കാൻ സാധിക്കും. നോ ക്കുക ഇവിടെയും എപ്രകാരമാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അല്ലാഹുവിന്റെ പ്രവൃത്തി അത്ഭുതമാണ്. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ് എന്നവാക്കുകൾ പൂർത്തിയാകുന്ന ത്.ക്രിസ്ത്യാനിയായ ഒരാൾ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ തന്റെ രാജ്യക്കാർക്ക് പറഞ്ഞുകൊടുക്കുന്നതിനുള്ള മാർഗം പറഞ്ഞുത രുന്നു. പിന്നീട് ഈ സദ്പ്രകൃതക്കാരനായ എം.പി. ഇദ്ദേഹം വളരെ പഴയ കഴിവുള്ള രാഷ്ട്രീയക്കാരനാണ്. ഒരു ദീർഘകാലമായി മെമ്പർ ഓഫ് പാർലമെന്റാണ്. തന്റെ വെബ്സൈറ്റിലും എന്റെയും അദ്ദേഹത്തി ന്റെയും ഫോട്ടോയോടുകൂടി, ഈ പരിപാടിയുടേയും മീറ്റിങ്ങിന്റേയും വിശദവിവരം നൽകുകയുണ്ടായി. പിന്നീട് അദ്ദേഹവുമായി നടന്ന പ്രൈവറ്റ് മുലാഖാത്തിന്റെ വിശദവിവരവും അദ്ദേഹം നൽകി. ഇസ്‌ലാ മിനെക്കുറിച്ച് ഞങ്ങളുടെ രാജ്യക്കാർക്കുള്ള തെറ്റിദ്ധാരണ മാറുന്നതിനും ചില പ്രയോജനകാംക്ഷികളും, രാഷ്ട്രീയക്കാരുമായ ഇസ്‌ലാമിന്റെ ശത്രു ക്കൾ രാജ്യത്ത് പ്രചരിപ്പിച്ച് കൊണ്ടിരിക്കുന്ന വെറുപ്പ് ഇല്ലാതായിത്തീരു ന്നതിനും വേണ്ടതെല്ലാം നൽകുന്നതായിരിക്കും എന്ന കാര്യം അദ്ദേഹം എന്നോട് പറഞ്ഞിട്ടാണ് പോയിരുന്നത്.

അതുപോലെതന്നെ പത്രങ്ങളും ഈ പരിപാടിയുടെ വിശദവിവരം വളരെ നല്ല രീതിയിൽ ഞാൻ പറഞ്ഞതെല്ലാം എഴുതുകയുണ്ടായി. അവി ടെ വലിയ രണ്ട് ദേശീയ പത്രങ്ങൾ ഉണ്ട്. അതിന്റെ പ്രതിനിധികൾ വന്നി രുന്നു. അതിൽ ഒരാൾ ഏതാനും മിനിറ്റ് നീളുന്ന എന്റെ ഒരു ഇന്റർവ്യൂ എടുത്തു. പത്രപ്രതിനിധി തന്റെ ചോദ്യങ്ങൾ അവസാനിപ്പിച്ചപ്പോൾ, ഞാൻ അദ്ദേഹത്തോട് പറഞ്ഞു എന്റെ പക്കലും ഒരു ചോദ്യം ഉണ്ട്. എന്റെ ചോദ്യം ഇതാണ്. ഈ പ്രദേശം (അതായത് നമ്മുടെ സെന്ററുള്ള മർക സായ ന്യൂസ്പ്രിന്റ്. ഹോളണ്ടിൽ ഈ പ്രദേശം ബൈബിൾ ബെൽറ്റ് എന്നാണ് അറിയപ്പെടുന്നത്. ഇവിടെയുള്ളവർ മതത്തെക്കുറിച്ച് അറിവു ള്ളവരാണ്. ബാക്കിയുള്ള ഹോളണ്ടിനെ അപേക്ഷിച്ച് കൂടുതൽ പേരും ചർച്ചിൽ പോകുന്നവരാണ്. നിങ്ങൾ ഹദ്റത്ത് ഈസയുടെ രണ്ടാംവരവ് പ്രതീക്ഷിച്ചിരിക്കുന്നവരാണ്. നിങ്ങളുടെ പക്കൽ അതിന്റേതായ ചില അടയാളങ്ങളും ഉണ്ട്. നിങ്ങളെ സംബന്ധിച്ചിടത്തോളം ഈ സമയം വന്നി രിക്കുന്നു. എന്നല്ല അത് കടന്ന് കഴിഞ്ഞിരിക്കുന്നു. എന്നാൽ ഹദ്റത്ത് ഈസ വന്നില്ല. ഞങ്ങൾ വാഗ്ദത്ത മസീഹാണെന്ന് വിശ്വസിക്കുന്ന ആളെ ക്കുറിച്ച് അദ്ദേഹത്തിന്റെ ആഗമനത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കുക. എന്റെ വാക്കുകൾ കേട്ടപ്പോൾ അദ്ദേഹത്തിന്റെ മുഖം അൽപം ചുവ ന്നു.എന്നാൽ പുഞ്ചിരിച്ചുകൊണ്ട് നിശബ്ദനായി. അദ്ദേഹം ഒന്നുംതന്നെ പറഞ്ഞില്ല. ഞാൻ വിചാരിച്ചത് ഈ സംസാരത്തിന് ശേഷം അദ്ദേഹം നമ്മുടെ പരിപാടിയെക്കുറിച്ചുള്ള വാർത്ത നൽകുകയില്ല എന്നാണ്. ഇനി അഥവാ നൽകിയാൽ തന്നെ യാഥാർഥ്യം അവതരിപ്പിക്കില്ല. എന്നാൽ, അടുത്ത ദിവസം എന്നെ സംബന്ധിച്ചും അവിടുത്തെ ജമാഅത്തിനെ സംബന്ധിച്ചും ഈ കാര്യം അത്ഭുതകരമായിരുന്നു. അദ്ദേഹം വാർത്ത നൽകി എന്ന് മാത്രമല്ല. പത്രത്തിന്റെ ആദ്യപേജിൽ തന്നെ എന്റെ ഫോട്ടോ യും നൽകി. അകത്ത് ഏകദേശം ഒന്നരപേജോളം പരിപാടിയുടെ വാർത്ത ഫോട്ടോയോട് കൂടി നൽകുകയുണ്ടായി. ജലസയെ സംബ ന്ധിച്ച് വളരെ വിശദമായി എഴുതി. ഇസ്‌ലാമിന്റെ അധ്യാപനങ്ങളെക്കു റിച്ച് വാർത്ത നൽകി.

ഈ പത്രം അവിടുത്തെ ദേശീയ പത്രമാണ്, ലക്ഷക്കണക്കിന് സംഖ്യ യിൽ വായിക്കപ്പെടുന്ന പത്രമാണ്. ഇതുമുഖേന ഇസ്‌ലാമിന്റെ മനോ ഹ രമായ അധ്യാപനങ്ങൾ ഈ രാജ്യത്തിലെ ആളുകളിലും എത്തിച്ചേ ർന്നു. ഞാൻ പറഞ്ഞതുപോലെ മറ്റൊരു ദേശീയ പത്രവും വാർത്ത നൽ കുകയുണ്ടായി. പ്രാദേശിക പത്രങ്ങളും കവറേജ് നൽകി. അതിന്റെ ഏതാനും ഭാഗങ്ങൾ ഞാൻ കേൾപ്പിക്കാം. ആദ്യത്തെ പത്രം ഹോളണ്ടിലെ ദേശീയ പത്രമാണ്. ദാഗ്സ്ബോഗ്എന്നാണ് അതിന്റെ പേര്, ആദ്യം ഈ വാർത്തയാണ് പ്രസിദ്ധീകരിച്ചത്. സമാധാനം പരത്തുന്ന ഖലീഫ. അതി നുശേഷം എന്നെ ഉദ്ധരിച്ചുകൊണ്ട് എഴുതുന്നു. ഹദ്റത്ത് ഈസയുടെ തിരിച്ചുവരവിനെക്കുറിച്ച് ജമാഅത്തിന്റെ വിശ്വാസം ഇതാണ്. അദ്ദേഹം വഫാത്തായിരിക്കുന്നു. ഇനി തിരിച്ചുവരുന്നതല്ല. ഹദ്റത്ത് മിർസാ ഗുലാം അഹ്മദിന്റെ ആഗമനം തന്നെയാണ് ഈസായുടെ പുനരാഗമനം.(വളരെ വലിയ വാർത്തയാണ്, ഏതാനും ചില വാചകങ്ങൾ ഞാൻ കേൾപ്പിക്കാം) പിന്നീട് അദ്ദേഹം എഴുതി. ജമാഅത്ത് തങ്ങളുടെ തബ്‌ലീഗ് പ്രവർത്ത നത്തിന്റെ ഫലമായി വ്യാപിച്ചുകൊണ്ടിരിക്കുന്നു. അഹ്മദികളുടെ വാക്കു കളിൽ, അപൂർവ്വമായോ അല്ലാതെയോ ഒരിക്കലും തന്നെ തീവ്രവാദപര മായ വാക്കുകളുടെ ഉപയോഗം കാണാൻ സാധ്യമല്ല.പാശ്ചാത്യ നാടുക ളിൽ ജമാഅത്തിന്റെ സ്ഥാപനം മിഷനറികളിലൂടെ മാത്രമല്ല മറിച്ച് തങ്ങ ളുടെ സ്വദേശത്ത് നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ കൂടിയാണ്. പിന്നീട് അദ്ദേഹം പാകിസ്ഥാനിൽ നിന്ന് ഹിജ്റത്ത് ചെയ്ത് വന്ന അഹ്മദികളെ ക്കുറിച്ച് എഴുതുകയുണ്ടായി പിന്നീട് എഴുതുന്നു. ജമാഅത്ത് അംഗ ങ്ങൾക്ക് ജമാഅത്തുമായും പരസ്പരവും ഒരു ആഴത്തിലുള്ള ബന്ധമു ണ്ട്. പിന്നീട് അദ്ദേഹം ജലസയുടെ വളരെ വിശദമായ വാർത്ത നൽകു കയുണ്ടായി.

പിന്നീട് ഞാൻ എന്താണ് പറഞ്ഞത് എന്നതിനെക്കുറിച്ച് എന്നെ ഉദ്ധരി ച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു. അദ്ദേഹം സന്നിഹിതരായവർക്ക് ഹൃദ യംഗമമായ നന്ദി രേഖപ്പെടുത്തി. ഹോളണ്ടിൽ ഇസ്‌ലാമിനെതിരിൽ ഒരി ക്കലും അനുയോജ്യമല്ലാത്ത കാര്യങ്ങൾ പറയുകയും പ്രചാരണം നടത്തു കയും ചെയ്യുന്ന ഒരു വിഭാഗം ഉണ്ടായിരുന്നിട്ടുകൂടി നിങ്ങൾ എല്ലാവരും ഇവിടെ വരുകയും ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ തീരുമാനിക്കു കയും ചെയ്തിരിക്കുന്നു. ബഹുമാനിക്കുകയും സമാധാനം നിലനാട്ടു കയും ചെയ്യുകയെന്നതാണ് അടിസ്ഥാന കാര്യം.എന്നെ ഉദ്ധരിച്ചുകൊ ണ്ട്, എഴുതുന്നു. അദ്ദേഹം പറഞ്ഞു. ഞാൻ ഉറപ്പായും പറയുന്നു. ഞങ്ങൾ ഒരിക്കലും പകരം ചോദിക്കും എന്ന മനോഭാവം ഉള്ളവരല്ല. തീർച്ചയായും മുസ്‌ലിംകളിൽ ചില വിഭാഗങ്ങൾ അത്തരം തീവ്രചിന്താഗതിക്കാരായ ആളുകളാണ്. ഈ കാര്യം ഖലീഫക്ക് വളരെ വ്യക്തമായ നിലയിൽ അറി യാം. ഈ മുസ്‌ലിംകളുടെ ഈ പ്രവർത്തി പൂർണമായും തെറ്റാണ്. പിന്നീട് എഴുതുന്നു. മുഹമ്മദ് (സ) യുടെ ജീവിതമാതൃകക്ക് പൂർണ്ണ മായും ഇത് എതിരാണ്. പിന്നീട് എഴുതുന്നു. ഖലീഫ പറയുകയുണ്ടാ യി. അദ്ദേഹത്തിന് ഹോളണ്ടിൽ പരസ്പര ബഹുമാനം കുറഞ്ഞുവരു ന്നതിൽ ആശങ്കയുണ്ട്. പ്രത്യേകിച്ച് മറ്റുള്ളവരെ ബഹുമാനിക്കാത്തവർ

ഭരണകൂടത്തിൽ വരുമ്പോൾ, അങ്ങനെയാണെങ്കിൽ പിന്നീട് പ്രശ്നങ്ങൾ ഉണ്ടായിത്തീരും. ഇത് ഒരു പത്രത്തിലേതാണ്. രണ്ടാമത്തെ പത്രം നേഷണൽ ഹേത്രാവ് ആണ്. അതിൽ നൽകിയ തലക്കെട്ട് ഇതാണ്. ഖലീഫ വരുകയും തീവ്രവാദത്തെ അപലപിക്കുകയും ചെയ്തു. പിന്നീട് എന്നെ ഉദ്ധരിച്ച് വളരെ വലിയ അക്ഷരങ്ങളിൽ എഴുതുന്നു. ഈ തീവ്രവാദത്തിന് റസൂൽ തിരുമേനി (സ) യുടെ മേൽ ആരോപണങ്ങൾ ഉന്നയിക്കരുത്. പിന്നീട് എഴുതി.അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസമനുസരിച്ച് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബാണ് വാഗ്ദത്ത മസീഹ്, അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ ഈസയുടെ പുനരാഗമനത്തിന്റെ പ്രതിരൂപമായിട്ടാണ് മനസ്സിലാകുന്നത്. അഹ്മദികൾ പറയുന്നു. മിർസാ ഗുലാം അഹ്മദിൽ ഈസായുടെ പ്രത്യേകതകൾ ഉണ്ട്. ഈ വിധത്തിൽ ഇസ്ലാമിന്റെ സന്ദേശവും, ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തിന്റെ ഉദ്ദേശ്യവും ഇവരുടെ മുമ്പിൽ വളരെ വ്യക്തമായ നിലയിൽ വിവരിക്കപ്പെടുകയുണ്ടായി. വിശദമായ വാർത്തകളാണ്.അല്ലാഹുവിന്റെ പ്രവൃത്തി നോക്കുക ഒരു ഭാഗത്ത് വിൽഡർ ഇസ്ലാമിനോടുള്ള ശത്രുതയിൽ മുൻകടന്നു കഴിഞ്ഞിരിക്കുന്നു.ലോകത്ത് ഇസ്ലാമിന്റെ അധ്യാപനങ്ങൾക്കും റസൂൽ തിരുമേനി (സ) ക്കും എതിരിലുള്ള തന്റെ പുസ്തകത്തിന്റെ വിളംബരം ചെയ്ത് കൊണ്ട് നടക്കുകയാണ്. എന്നാൽ അയാളുടെ രാജ്യത്ത് ,രാജ്യത്ത് എന്ന് മാത്രമല്ല. അയാൾ എം.പി. ആയിരിക്കുന്ന ആളുകളുടെ പ്രദേശത്ത് നിന്ന് അഹ്മദിയ്യാ ജമാഅത്തിലൂടെ ഇസ്ലാമിന്റെയും റസൂൽ തിരുമേനി (സ) യുടേയും മനോഹരമായ സമാധാനപ്രിയമായ അധ്യാപനങ്ങൾ വിവരിക്കുന്നതുമുഖേന തെറ്റിദ്ധാരണകൾ ദൂരീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്റെ അറിവനുസരിച്ച് അയാളുടെ പുസ്തകത്തെക്കുറിച്ച് ആരും തന്നെ അത്ര വലിയ അഭിപ്രായമൊന്നും രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അയാളുടെ സ്വന്തം രാജ്യത്ത് പത്രങ്ങളിലൂടെയും എം.പി. യുടെ വെബ്സൈറ്റിലൂടെയും ലക്ഷക്കണക്കിന് ആളുകളിലേക്ക് ഇസ്ലാമിന്റെ യഥാർത്ഥവും മനോഹരവുമായ അധ്യാപനങ്ങൾ എത്തിച്ചേരുകയുണ്ടായി. ഞാൻ പറഞ്ഞതുപോലെ ഹോളണ്ടിലെ ജമാഅത്തിനുപോലും ഇത്രയധികം കവറേജ് ഉണ്ടാകും എന്ന പ്രതീക്ഷ ഉണ്ടായിരുന്നില്ല. ഇത് അല്ലാഹുവിന്റെ പ്രവർത്തിയാണ്. എന്നാൽ നന്ദി രേഖപ്പെടുത്തുക എന്ന നിലയിൽ നമ്മുടെ ജോലി ഇതാണ്. ഇനി ഹോളണ്ട് ജമാഅത്ത് മറ്റുള്ളവരുമായുള്ള ബന്ധം സ്ഥാപിക്കൽ കൂടുതൽ വർദ്ധിപ്പിക്കേണ്ടതാണ്. അത് കൂടുതൽ വിശാലമാക്കേണ്ടതാണ്. ഇസ്ലാമിനെതിരിൽ ഉണ്ടാക്കിയെടുത്തിട്ടുള്ള എല്ലാ തെറ്റിദ്ധാരണകളും ദൂരീകരിക്കാൻ പരിശ്രമിക്കേണ്ടതാണ്. വിൽഡറുടെ കളവും വിദ്വേഷവും അയാളുടെ രാജ്യക്കാരുടെ മുന്നിൽ തുറന്ന് കാട്ടേണ്ടതാണ്.

ഇന്ന് ഇസ്ലാമിന്റെ ഭാഗത്ത് നിന്നുള്ള പ്രതിരോധവും അന്യരോട് തെളിവുകൾ മുഖേനയുള്ള ആക്രമണവും കേവലം അഹ്മദിയ്യാ ജമാഅത്തിന് മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഈ പരിപാടിയിൽ പങ്കെടുത്ത അതിഥികളുടെ പൊതുവിലുള്ള അഭിപ്രായം വളരെ നല്ലതായിരുന്നു. നോർവ്വേയിൽ നിന്നും അവിടെ പോയിരുന്ന നമ്മുടെ ഒരു മുബല്ലിഗിനോട് അദ്ദേഹത്തോടൊപ്പമിരുന്ന ഒരാൾ പറഞ്ഞു. ഇസ്ലാമിന്റെ ഈ കാര്യങ്ങൾ ഞങ്ങൾ കൂടുതൽ കേൾക്കാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ഖലീഫ തന്റെ പ്രസംഗം വളരെ പെട്ടെന്ന് അവസാനിപ്പിച്ചുകളഞ്ഞു. മറ്റൊരാൾ പറഞ്ഞു. താങ്കൾ നൽകുന്ന ഈ അധ്യാപനങ്ങൾ, ക്രിസ്ത്യാനികൾക്ക് ഈ അധ്യാപനങ്ങൾ നൽകുന്നതിനെക്കുറിച്ചുള്ള ചിന്ത വളരെ വൈകിയാണ് വന്നത്. 2000 വർഷങ്ങൾക്ക് ശേഷമാണ് അവർക്ക് ചിന്ത വന്നത്. അതിന്റെ അർത്ഥം ഇതായിരുന്നു. ക്രിസ്ത്യാനികളിലും ഒരു ദീർഘകാലം വിവിധ വിഭാഗങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. യുദ്ധങ്ങളും കുഴപ്പങ്ങളും ഉണ്ടായി. ഇപ്പോഴാണ് വിവിധ രാജ്യങ്ങളിലും സമുദായങ്ങളിലും സമാധാനം സ്ഥാപിതമായത്. എന്നാൽ നിങ്ങൾ സമാധാനത്തിനായുള്ള ഈ ശ്രമം പെട്ടെന്ന് തന്നെ തുടങ്ങിയിരിക്കുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ വീക്ഷണം പറഞ്ഞു. എന്നാൽ അയാൾക്ക് അറിയില്ല നാം ഇത് ഇന്ന് മുതൽ തുടങ്ങിയതല്ല മറിച്ച് ഈ അധ്യാപനം 1400 വർഷങ്ങൾക്ക് മുമ്പ് റസൂൽ തിരുമേനി (സ) കൊണ്ടുവന്ന അന്ന് തന്നെ അതിന്റെ അടിസ്ഥാനം സ്ഥാപിതമായിട്ടുണ്ട്. ഏതായിരുന്നാലും ഇവരുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഇസ്ലാമിന്റെ തെറ്റായ ചിത്രത്തിന്റെ സ്വാധീനം ഈ പരിപാടി മുഖേന ഇല്ലാതായിത്തീർന്നിരിക്കുന്നു. അല്ലാഹു തുടർന്നും ഇതിന്റെ നല്ല ഫലങ്ങൾ നൽകുമാറാകട്ടെ. ഈ സമുദായം ഇസ്ലാം സ്വീകരിച്ച് റസൂൽ തിരുമേനി (സ) യുടെ കൊടിക്കീഴിൽ വരുമാറാകട്ടെ. എന്നാൽ ഞാൻ പറഞ്ഞതുപോലെ ഇതിനായി ജമാഅത്ത് അംഗങ്ങൾ വളരെയധികം പരിശ്രമിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്.

ഹോളണ്ടിന് ശേഷം ജർമ്മനിയിലെ ജലസ നടന്നു. ഇതും നിങ്ങൾ എല്ലാവരും എം.ടി.എ യിലൂടെ കണ്ടിരിക്കും. ജർമ്മനിയിൽ ജലസയുടെ തിരക്കുകൾക്കൊപ്പം എല്ലാ പര്യടനത്തിലും ജമാഅത്തിന്റെ പള്ളികളുടെ ഉദ്ഘാടനവും അതുപോലെതന്നെ തറക്കല്ലിടലിന്റെ തിരക്കും ഉണ്ടാകാറുണ്ട്. ഈ പര്യടനത്തിലും ഒരു പള്ളിയുടെ ഉദ്ഘാടനവും മൂന്ന് പള്ളികളുടെ തറക്കല്ലിടലും നടന്നു. പൊതുവിൽ തറക്കല്ലിട്ടതിന് ശേഷം ഒരു വർഷത്തിനുള്ളിൽ പള്ളിയുടെ നിർമ്മാണം പൂർത്തിയാകാറുണ്ട്. അല്ലാഹു ജർമ്മനി ജമാഅത്തിന്റെ ഈ തൗഫീഖ് വർദ്ധിപ്പിച്ച് കൊണ്ടേയിരിക്കട്ടെ. ഇപ്പോൾ പള്ളികളുടെ ഉദ്ഘാടനവേളകളിലും തറക്കല്ലിടുന്ന അവസരങ്ങളിലും ഒരു നല്ല കാര്യം അവിടെ കാണാൻ സാധിക്കുന്നത്. ഓരോ പരിപാടിയിലും പ്രാദേശികരായിട്ടുള്ള ആളുകൾ ,വിദ്യാസമ്പന്നർ,മേയർ, ഡെപ്യൂട്ടി മേയർ ,രാഷ്ട്രീയക്കാർ മതലായവരേയും ക്ഷണിക്കുന്നു എന്നതാണ്. മുമ്പ് ഇത് അവിടെ ഉണ്ടായിരുന്നില്ല. ഇവിടെ ഓരോ പള്ളി ഉണ്ടാകുമ്പോഴും ഇതെല്ലാം ഉണ്ടാവാറുണ്ട്. എന്നാൽ ജർമ്മനിയിൽ മുമ്പ് ഇങ്ങനെ ഉണ്ടായിരുന്നില്ല. ഏതായിരുന്നാലും അവർക്ക് ഇപ്പോൾ ഈ ഒരു കാര്യത്തിലും ശ്രദ്ധ ഉണ്ടായിരിക്കുന്നു. ഇത് അഹ്മദിയ്യാ ജമാഅത്തിന്റെ പരിചയപ്പെടുത്തലിനും ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ വ്യാപിപ്പിക്കുന്നതിനും തബ്ലീഗിനുമുള്ള വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മുടെ യഥാർഥ ജോലി ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയെന്നതാണ്. ലോകത്തെ സത്യത്തിലേക്ക് ക്ഷണിക്കുകയെന്നതാണ്. പള്ളികളുടെ നിർമ്മാണത്തോടൊപ്പം തബ്ലീഗിലും വിശാലത ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഞാൻ ജമാഅത്ത് അംഗങ്ങളോട് പറയാറുണ്ട്. ഈ പരിചയപ്പെടുത്തലിനും തബ്ലീഗിലുള്ള വിശാലതക്കൊപ്പം അവരുടെ ഉത്തരവാദിത്വവും വർദ്ധിക്കുന്നു. തങ്ങളുടെ അവസ്ഥകളെ ഇസ്ലാമിക രീതിയനുസരിച്ച് വാർത്തെടുക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ഇപ്രാവശ്യം ജമാഅത്തിനെ പരിചയപ്പെടാൻ കഴിഞ്ഞ ഒരു സ്ഥാപനത്തിൽ പോകാനുള്ള അവസരം ലഭിച്ചു. അവരുമായി പരിചയം കൂടിക്കൊണ്ടിരിക്കുന്നു. ബന്ധം കൂടുതൽ ദൃഢമായിക്കൊണ്ടിരിക്കുന്നു. സ്വഭാവപരവും, രാഷ്ട്രീയപരവും, നിയമപരവുമായ അടിസ്ഥാനത്തിൽ പ്രത്യേകിച്ച് സൈനിക ഓഫീസർമാരുടെ ശിക്ഷണപരമായ പരിപാടികൾ തയ്യാറാക്കുന്ന സ്ഥാപനമാണ് ഇത്. ജർമ്മൻ സമൂഹത്തിൽ ഇവരുടെ പ്രവർത്തി എന്തായിരിക്കണം, ഇവരുടെ വ്യക്തിത്വം എങ്ങനെയായിരിക്കണം അതുപോലെതന്നെ ഇവർ ലോകത്തെക്കുറിച്ചുള്ള വിവരം അന്താരാഷ്ട്ര സംസ്ക്കാരത്തെക്കുറിച്ചും മതങ്ങളെക്കുറിച്ചും അവിടെ നിന്ന് അറിവ് ലഭിക്കും. അതിനായി അവിടെ ലക്ചറുകൾ സംഘടിപ്പിക്കുന്നു. സെമിനാറുകൾ നടക്കുന്നു. ഇവരോടൊപ്പം അഭ്യസ്തവിദ്യരായിട്ടുള്ള പൊതുജനങ്ങളും പരിപാടിയിൽ പങ്കെടുക്കുന്നു. ഞാൻ പറഞ്ഞതുപോലെ അവിടെയും ഒരു പ്രോഗ്രാം തയ്യാറാക്കി

യിരുന്നു. അതിൽ പങ്കെടുക്കാനുള്ള തൗഫീഖ് ലഭിച്ചു. ഈ പരിപാടികളിൽ ലക്ചറുകൾ നൽകുന്നതിനായി പുറത്തുനിന്നുമുള്ള വ്യക്തികളെ ക്ഷണിക്കാറുണ്ട്. അതിൽ നിയമവിദഗ്ദർ വരാറുണ്ട്. വിവിധ മതക്കാരും വരാറുണ്ട്. വിവിധ വിഷയങ്ങളിൽ പ്രാവീണ്യം നേടിയവരും വരാറുണ്ട്. ജർമ്മനിയിലെ മുസ്‌ലിംകളുടെ കേന്ദ്ര സംഘടനയുടെ തലവൻ റഹ്മാൻ മലിക്ക് സാഹിബിനെയും ഇവിടെക്ക് ക്ഷണിച്ചിരുന്നു. അദ്ദേഹം ഇവിടെ പ്രസംഗിച്ചിരുന്നു. അങ്ങനെ അവരോട് അൽപം പ്രസംഗിക്കാനും ലക്ചർ നൽകാനും എന്നോട് അവർ പറഞ്ഞപ്പോൾ ഞാൻ രാജ്യത്തോട് ആത്മാർത്ഥത കാണിക്കേണ്ടതിനെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് ഒരു സംക്ഷിപ്തമായ പ്രഭാഷണം അവിടെ വെച്ച് നടത്തുകയുണ്ടായി. അതിന് ശേഷം പത്ത് പതിനഞ്ച് മിനിറ്റ് ചോദ്യോത്തരവും നടക്കുകയുണ്ടായി. അവിടെ പകുതിയോളം സൈനിക ഉദ്യോഗസ്ഥരെ കൂടാതെ പട്ടണത്തിലെ മേയറും അദ്ധ്യാപകവിദ്യരായിട്ടുള്ളവരും, ക്രിസ്തീയ പാതിരിമാരും യഹൂദി പുരോഹിതൻമാരും ഉണ്ടായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ലക്ചറിന് നല്ല സ്വാധീനം ഉണ്ടായി. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ അവരിലേക്ക് എത്തിചേർന്നു ജർമ്മനിയിലെ നമ്മുടെ ജമാഅത്തിന്റെ സെക്രട്ടറി ഖാരിജ ദാവൂദ് മുസഫർ സാഹിബ് പിന്നീട് എനിക്ക് ഒന്ന് രണ്ട് അഭിപ്രായങ്ങൾ അയക്കുകയുണ്ടായി. ഒരാൾ പറഞ്ഞു. ലോകം നേരിടുന്ന പ്രശ്നത്തിനുള്ള പരിഹാരം ഒരാൾക്ക് ഇത്ര ലളിതമായ രീതിയിൽ മനസ്സിലാക്കിത്തരാൻ സാധിക്കുമോയെന്ന ഈ കാര്യം എന്നെ അങ്ങേയറ്റം അത്ഭുതപ്പെടുത്തി. ഇത് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളാണ്. അഥവാ ഇത് യഥാർത്ഥ രീതിയിൽ വിവരിക്കുകയാണെങ്കിൽ എല്ലാവർക്കും മനസ്സിലാകുന്നതാണ്. മറ്റൊരാൾ പറഞ്ഞു. നിങ്ങളുടെ ഖലീഫയുടെ വാക്കുകൾ ഒരുപാട് കാര്യങ്ങൾ വ്യക്തമാക്കി തന്നു. നിങ്ങളുടെ ഇസ്‌ലാമിനെക്കുറിച്ചുള്ള വീക്ഷണം മുൻനിർത്തിക്കൊണ്ട് മുസ്‌ലിംകളുമായുള്ള പരസ്പരബന്ധം തീർച്ചയായും സാധ്യമാണ് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. (ഈ ചോദ്യം ഇന്ന് യൂറോപ്പിൽ എല്ലായിടത്തും ഉയർന്ന് കൊണ്ടിരിക്കുന്നു. മുസ്‌ലിംങ്ങൾ ഞങ്ങളുടെ ഇടയിൽ കൂടിക്കലരുന്നില്ല.അവർക്ക് ഒരു വ്യതിരിക്തതയുണ്ട്) ഇതുകേട്ടതിന് ശേഷം പറയുന്നു. ഇത് ഞങ്ങൾ പാശ്ചാത്യ സമൂഹത്തിൽ ഉണ്ടായിട്ടുള്ള ഒരു തെറ്റായ ചിന്താഗതിയാണ്. അതുപോലെ തന്നെ ചിലരും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് അത്ഭുതം പ്രകടിപ്പിക്കുകയുണ്ടായി. ഇസ്‌ലാമിന്റെ യഥാർത്ഥവും മനോഹരവുമായ അധ്യാപനങ്ങളെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുകയെന്നതും ഇസ്‌ലാമിനെതിരിൽ ആരോപണങ്ങൾ ഉന്നയിക്കുന്നവരുടെ വായടപ്പിക്കുകയെന്നതും ഈ കാലഘട്ടത്തിൽ റസൂൽ തിരുമേനി (സ) യുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നവരുടെ ജോലിയാണ് ഭൂരിപക്ഷം ഓഫീസർമാരും എന്നോടും എന്റെ കൂടെയുളളവരോടും പറഞ്ഞു. ഈ പ്രസംഗം ലിഖിത രൂപത്തിൽ ഞങ്ങൾക്ക് നൽകിയാലും. ജർമ്മൻ ജമാഅത്ത് ജർമ്മൻ ഭാഷയിൽ അതിന്റെ തർജ്ജുമ ചെയ്തുകൊണ്ടിരിക്കുന്നു. പിന്നീട് അവർക്ക് അയച്ചുകൊടുക്കുന്നതായിരിക്കും. മറ്റൊന്ന് ജർമ്മനിയിലെ ജലസയിൽ അവരുടെ സ്ഥിരമായിട്ടുള്ള രീതിയനുസരിച്ച്. ജർമ്മൻ സമൂഹവും അതുപോലെതന്നെ അനഹ്മദികളും അമുസ്‌ലിംകളുമായിട്ടുള്ളവരോടൊപ്പം ഒരു പ്രോഗ്രാം നടക്കാറുണ്ട് ഇതിൽ 500, 600 സ്ത്രീ പുരുഷന്മാർ ഒരുമിച്ച് കൂടാറുണ്ട്. അവിടെ എനിക്കും അൽപം സംസാരിക്കാൻ അവസരം ലഭിക്കാറുണ്ട്. ഇപ്രാവശ്യവും ഇസ്‌ലാമിന്റെ അധ്യാപനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തിന്റെ ലക്ഷ്യം, സമകാലികം, ജനങ്ങൾ ദൈവത്തെ വിസ്മരിക്കുന്നത് മൂലം നാശത്തിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കാര്യങ്ങളെക്കുറിച്ച് പറയാനും അതിനെക്കുറിച്ച് ജാഗരൂഗരാക്കാനുമുള്ള തൗഫീഖ് ലഭിച്ചു. പിന്നീട് ഈ നാശത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി ഓരോ വ്യക്തിയുടേയും നിലപാട് എന്തായിരിക്കണം എന്നതിനെക്കുറച്ചും പറഞ്ഞു. ഇത് നേരിട്ട് എ.ടി.എ യിൽ വന്നിട്ടുണ്ട്. നിങ്ങൾ കേട്ടിരിക്കും. ഈ പ്രോഗ്രാമിലും ഞാൻ പറഞ്ഞതുപോലെ 500 ൽ അധികം ജർമ്മൻ വംശജരും മററ് അനഹ്മദികളും അമുസ്‌ലിംങ്ങളായിട്ടുള്ളവർ പങ്കെടുത്തു. ഇവരുടെ അഭിപ്രായം വളരെ നല്ലതായിരുന്നു. നല്ല സ്വാധീനം ഉണ്ടായി. പിന്നീട് വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന അനഹ്മദികളായ സഹോദരങ്ങളുമായും മുലാഖാത്ത് നടന്നു അതിൽ ഏറ്റവും വലിയ സംഘം ബൾഗേറിയിൽ നിന്നാണ് വന്നിരുന്നത്. അവിടെ നിന്ന് ഏകദേശം 80 സ്ത്രീ പുരുഷൻമാർ എത്തിയിരുന്നു. അതിൽ കേവലം പതിമൂന്നോ പതിനാലോ പേരാണ് അഹ്മദികളുണ്ടായിരുന്നത്. ബാക്കി കൂടുതൽ പേരും മറ്റു മുസ്‌ലിംകളായിരുന്നു. ഏതാനും പേർ ക്രിസ്ത്യാനികളുമായിരുന്നു. മുഴുവൻ ആളുകളും ജലസയുടെ പരിപാടികളെക്കുറിച്ചും പ്രഭാഷണങ്ങളിലും അച്ചടക്കം മുതലായവയിൽ വളരെയധികം സ്വാധീനിക്കപ്പെട്ടിരുന്നു. ഓരോ വർഷവും വളരെ വലിയ സംഖ്യയിൽ വിവിധ രാജ്യങ്ങളിൽ നിന്ന് ആളുകൾ വരുന്നു. ബൾഗേറിയിൽ നിന്നും വരാറുണ്ട്. പൊതുവിൽ ജലസ കണ്ട് വളരെയധികം സ്വാധീനിക്കപ്പെട്ടാണ് പോകാറുള്ളത്. ചിലരെ സംബന്ധിച്ചെടുത്തോളം ഈ ജലസ ഹൃദയം തുറക്കുന്നതിനും കാരണമായിത്തീരുന്നു. ബൾഗേറിയക്കാരുമായി സംസാരിച്ച് കൊണ്ടിരിക്കേ, അവരിലുള്ള ഒരു യുവാവ് എന്നോട് പറഞ്ഞു. നിങ്ങൾ പറയുന്നു അല്ലാഹുവിനെ ഭയപ്പെടുക. ആ ഭയത്തിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. അല്ലാഹുവിന് വേണ്ടിയാണ് പ്രവർത്തിക്കേണ്ടത്, അവനുവേണ്ടിയാണ് ഞങ്ങൾ പ്രവർത്തിക്കുന്നത് എന്നെല്ലാം. എന്നാൽ ഇതിന് താങ്കളുടെ പക്കൽ തെളിവെന്താണുള്ളത്. ഞാൻ പറഞ്ഞു മറ്റു കാര്യങ്ങൾ ഒരു വശത്ത് നിൽക്കട്ടെ. ആഫ്രിക്കയിൽ ഞങ്ങൾ വിവിധ ദരിദ്ര പ്രദേശങ്ങളിൽ, വിദൂരപ്രദേശങ്ങളിൽ ജാതിമത ഭേതമന്യേ അവിടങ്ങളിലെ ജനങ്ങളെ സേവിച്ചുകൊണ്ടിരിക്കുന്നു. അതിനെക്കുറിച്ചുള്ള അറിവ് ലോകത്ത് എല്ലായിടത്തും ലഭ്യമാണ്. താങ്കൾ ആഗ്രഹിക്കുന്ന പക്ഷം ലഭിക്കുന്നതാണ്. ഇത് തന്നെ മതിയായ തെളിവാണ് ഞങ്ങൾക്ക് അവരിൽ നിന്നും ഒന്നും നേടാനില്ല. എന്നാൽ ഒരാഗ്രഹം ഉണ്ടാകാറുണ്ട് എങ്ങനെയെങ്കിലും ഈ ആളുകൾ ഏകനായ അല്ലാഹുവിനെ യഥാർത്ഥ രീതിയിൽ ആരാധിക്കുന്നവരായിത്തീരണം. ഞങ്ങളുടേത് ഈ ജോലിയാണ് ഇതിനുവേണ്ടിയാണ് ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ബൾഗേറിയ ഏതാനും വർഷമായി ജമാഅത്തിന്റെ തബ്‌ലീഗിനും മറ്റു പ്രവർത്തനങ്ങൾക്കും വിലക്കുള്ള ഒരു രാജ്യമാണ്. അവിടെ ജമാഅത്ത് രജിസ്റ്റർ ചെയ്തിട്ടില്ല. ഭരണം, മുല്ലാക്കളുടെ സ്വാധീനത്തിലാണ്. എന്നാൽ മുസ്‌ലിംകളുടെ ആന്തരിക കുഴപ്പങ്ങളും കലഹങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടിയിട്ടാണ് ഞങ്ങൾ അങ്ങനെ ചെയ്യുന്നത് എന്നാണ് പറയുന്നത്. അതായത് ഒരു ഖുത്വുബ നൽകിയാൽ മതി. ഒരു വിഭാഗമായിരിക്കണം എല്ലാവരും എന്നെല്ലാം. എന്നാൽ അവിടെ ഈ വിധത്തിലുള്ള ഒരു അവസ്ഥയല്ല ഉള്ളത്. യാഥാർഥ്യം ഇതാണ് അവർക്ക് ചില അറബ് രാജ്യങ്ങളിൽ നിന്ന് സഹായം ലഭിക്കുന്നു. അതുകൊണ്ട് അഹ്മദികൾക്ക് തബ്‌ലീഗിനുള്ള അവസരം നൽകുന്നത് അവർക്ക് സഹിക്കാൻ സാധിക്കുന്നില്ല ഇതുമുഖേന അവരുടെ ജീവിതമാർഗം ഇല്ലാതായിത്തീരുന്നു. എന്നാൽ ഇങ്ങനെയായിരുന്നിട്ടും അവിടെ എല്ലാ വർഷവും ബൈഅത്ത് നടക്കുന്നു. ഇതുപോലെ തന്നെ, മാർട്ട, സ്പെയ്ൻ, തുർക്കി, ബോസ്നിയ മുതലായ സ്ഥലങ്ങളിൽ നിന്ന് വന്ന അഹ്മദികളുമായും അനഹ്മദികളുമായും മുലാഖാത്ത് നടന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവരിൽ എല്ലാവരിലും ജലസ വളരെ നല്ലതും ആഴത്തിലുള്ളതുമായ ഒരു സ്വാധീനം ചെലുത്തുകയുണ്ടായി

ഇപ്രാവശ്യം നവ അഹ്മദികളുടെ ബൈഅത്ത് ഞാൻ വലിയ ഹാളിൽ വെച്ചാണ് നടത്തിപ്പിച്ചത്. ഓരോ വർഷവും അവിടെ നവ അഹ്മദികൾ വരുകയും ബൈഅത്ത് ചെയ്യുകയും ചെയ്യാറുണ്ട്. എന്നാൽ പൊതുവിൽ അവരുമായി ഉണ്ടാകാറുള്ള പ്രത്യേക മീറ്റിങ്ങിലായിരിക്കും ബൈഅത്ത് നടക്കാറുള്ളത്. ഇപ്രാവശ്യം ഞാൻ പറഞ്ഞു. വലിയ ഹാളിൽ ബൈഅത്ത് ചെയ്തുകൊള്ളുക. മറ്റുള്ളവർക്കും പങ്കെടുക്കാൻ സാധിക്കും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ ബൈഅത്തിന്റെ ദൃശ്യവും വളരെയധികം ഈമാനിക വർദ്ധനവിന് കാരണമാകാറുള്ള ഒന്നാണ്. ഒരു സാഹിബ് ,അദ്ദേഹം ജമാഅത്തുമായി ഒരുപാട് കാലമായി ബന്ധപ്പെട്ട്കൊണ്ടിരിക്കുന്ന ആളായിരുന്നു. ഇറാൻകാരനാണ് എന്ന് തോന്നുന്നു. അദ്ദേഹവും അവിടെ എല്ലാവരോടൊപ്പം ഇരിക്കുന്നുണ്ടായിരുന്നു. ബൈഅത്ത് ചെയ്യാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ ബൈഅത്ത് തുടങ്ങിയപ്പോൾ പറയുന്നു. ഏതോ ഒരു ശക്തി എന്റെ കൈ മുന്നോട്ട് വലിച്ചു. ഞാനും മുന്നോട്ട് വന്ന് കൈ വെച്ചു. അങ്ങനെ ബൈഅത്ത് ചെയ്തു. അതിനുശേഷം പറഞ്ഞു ഇത് ഒരു പെട്ടെന്നുള്ള ആവേശമായിരുന്നില്ല. ഇനി ഞാൻ പക്കാ അഹ്മദിയാണ്. ഇൻശാഹ് അല്ലാഹുതആല തന്റെ ബൈഅത്തിന്റെ പ്രതിജ്ഞയിൽ അടിയുറച്ച് നിൽക്കുകയും അത് പൂർത്തിയാക്കുകയും ചെയ്യും. പറയുന്നു. എന്നിൽ ഒരു പുതിയ ആവേശവും ഉണർവും ഉണ്ടായിരിക്കുന്നു. അല്ലാഹു ഈ എല്ലാവരുടേയും ഈമാനിലും വിശ്വാസത്തിലും പുരോഗതി നൽകുമാറാകട്ടെ. ഓരോരുത്തരും സ്വായത്തമാക്കിയ ജലസയുടെ അനുഗ്രഹം അത് സ്ഥായിയായ അനുഗ്രഹങ്ങളായിത്തീരട്ടെ. ഏതായിരുന്നാലും ജർമ്മനിയിലെ ജലസ പൊതുവിൽ വളരെ ഉന്നതമായിരുന്നു. ഞാൻ ഇടക്കിടക്ക് എം.ടി.എയിൽ കേട്ട പ്രസംഗങ്ങൾ നോക്കുകയാണെങ്കിൽ പ്രസംഗങ്ങളുടെ നിലവാരവും വളരെ ഉന്നതമായിരുന്നു. വലിയ അനുഗ്രഹങ്ങളെ ഒരുമിച്ച് കൂട്ടുന്ന ,ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്ന ജലസയായിരുന്നു ഈ ജലസ. ജലസയുടെ സംഘാടനത്തിനായി വർഷം മുഴുവനും സംഘാടകർ തിരക്കിലായിരിക്കും. ജർമ്മനിയുടെ ജലസയുടെ എല്ലാ സംവിധാനവും ഒരു കുടക്കീഴിലായിരിന്നിട്ടുപോലും വഖാറെ അമലും മറ്റു പ്രവർത്തനങ്ങളും ചെയ്യേണ്ടതായിട്ട് വരാറുണ്ട്. ഈ വർഷം പാക്കിസ്ഥാനിൽ നിന്ന് വന്ന സൈലം സീക്കേഴ്സ് വളരെ ആവേശത്തോടെ ജോലി ചെയ്തു. സംഘാടകർ പറയുകയുണ്ടായി അഥവാ ഇരുന്നൂറ് പേരെ ആവശ്യമുണ്ടായിരുന്നതിൽ വിളിച്ചാൽ 400 വളണ്ടിയർമാർ ജോലി ചെയ്യാനായി വരുമായിരുന്നു. അല്ലാഹു, കേസ് പാസായതിനുശേഷവും ഇവരുടെ ഈ ആവേശവും ഉണർവും ഇതുപോലെതന്നെ നിലനിർത്തുമാറാകട്ടെ. ഇപ്പോഴത്തെ പാക്കിസ്ഥാനിലെ അവസ്ഥയും ,ഒരു ദീർഘകാലമായി നിഷേധിക്കപ്പെട്ടതിന്റെ സ്വാധീനമുണ്ട്. എന്നാൽ കേസ് പാസ്സായതിനുശേഷവും യഥാർത്ഥത്തിലുള്ള നന്ദി പ്രകടനം അല്ലാഹുവിനോടുള്ളത് ഇതാണ്. ഒന്നാമതായി അല്ലാഹുവിന്റെ ഇബാദത്തിൽ നിന്ന് അശ്രദ്ധരാവരുത്. മറ്റൊന്ന് ഭൗതികതക്ക് വേണ്ടി ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പിൻതള്ളിക്കളയരുത്. ഖിലാഫത്തുമായി ആത്മാർത്ഥതയുടേയും സ്നേ ഹത്തിന്റെയും ബന്ധം വെക്കുക. ഇതിന്റെ അനുഭവം ഓരോ വർഷവും പുതിയതാണ്. അല്ലാഹു ഈ ബന്ധത്തെയും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുമാറാകട്ടെ.

സംഘാടനത്തെക്കുറിച്ചും ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അവിടെ വെച്ച് എനിക്ക് പിന്നീട് പറയാൻ അവസരം ലഭിച്ചില്ല. ഇത് ലോകത്തുള്ള മറ്റുള്ളവർക്കും പ്രയോജനപ്രദമായിരിക്കും. പൊതുവിൽ എല്ലാ വ്യവസ്ഥിതിയും വളരെ നല്ലതായിരുന്നു. എന്നിരുന്നാലും വലിയ സംഘാടനങ്ങളിൽ ഉണ്ടാകാറുള്ളതുപോലെ ചില പരാതികളും ഉണ്ടായി. ഞാൻ ജർമ്മനിയിലും എന്റെ ആദ്യ ഖുത്വുബയിൽ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു. പരാതികൾ ചില വിഭാഗങ്ങളെക്കുറിച്ച് കൂടുതലാണ്. അതിൽ ഒന്ന് സിയാഫത്തിന്റെ വിഭാഗമാണ്. അത് വളരെ പ്രധാനപ്പെട്ട വിഭാഗമാണ്. ഒന്നുകിൽ ഭക്ഷണത്തിൽ കുറവുണ്ടായിട്ടുണ്ട്. അല്ലങ്കിൽ ഭക്ഷണം നൽകുന്നതിനുള്ള വ്യവസ്ഥിതി ശരിയായിരുന്നില്ല. ആളുകൾക്ക് ഒരുപാട് കാത്തിരിക്കേണ്ടി വന്നു. ചിലർ സഹിക്കാൻ കഴിയാതെ നീണ്ട ലൈനിൽ നിൽക്കുന്നതിനുപകരം ബസാറിൽ നിന്ന് തന്നെ എന്തെങ്കിലും വാങ്ങിക്കഴിച്ചു. സ്ത്രീകളിലും ഇതേ അവസ്ഥ തന്നെയായിരുന്നു. കുട്ടികൾക്കും ഇത് മുഖേന ബുദ്ധിമുട്ടുണ്ടായി. ചില സമയങ്ങളിൽ ഡ്യൂട്ടി ചെയ്യുന്ന സ്ത്രീകൾക്കും പുരുഷന്മാർക്കും ഭക്ഷണം ലഭിച്ചില്ല. അവർ സ്ത്രീകൾ പ്രത്യേകിച്ച് തങ്ങളാൽ തന്നെ ഭക്ഷണത്തിന് ഏർപ്പാട് ചെയ്യേണ്ടിവന്നു. ഒരു സമയത്ത് തന്നെ ഈ ഒരു അവസ്ഥ ഉണ്ടായിട്ടുണ്ട് എങ്കിൽ അഫ്സർ ജലസയുടേയും അദ്ദേഹത്തിന്റെ വ്യവസ്ഥിതിയുടേയും ജോലിയായിരുന്നു. പെട്ടെന്ന് പ്രവർത്തന നിരതമായി എന്താണ് ഇതിന് കാരണം എന്ന് കണ്ടെത്തേണ്ടത്. ഒരുപക്ഷേ അവർ ഇതിനായി എന്തെങ്കിലും ശ്രമങ്ങൾ നടത്തിയുണ്ടാകാം.എന്നാൽ അതിന്റെ ഉത്തമമായ ഫലം ഏതായിരുന്നാലും ഉണ്ടായിട്ടില്ല. അവസാന ദിവസം വരെ ഈ കുറവ് അനുഭവവേദ്യമായിരുന്നു. സംഘാടകർ എപ്പോഴും ഓർക്കേണ്ടതാണ്. പാകിസ്ഥാനിലും ഈ രീതി തന്നെയാണ് ഉണ്ടായിരുന്നത്. ദിവസവും രാത്രി എല്ലാ നാഇബ് അഫ്സർമാരുടേയും നാസിമീങ്ങളുടേയും മീറ്റിംങ്ങ് നടത്തുമായിരുന്നു. അതിൽ ഓരോ വിഭാഗത്തെയും പരിശോധനവിധേയമാക്കുമായിരുന്നു. എവിടെയെല്ലാം കുറവുകൾ ഉണ്ടായിട്ടുണ്ട്, അത് എങ്ങനെ അടുത്ത ദിവസം പൂർത്തിയാക്കാം, ലങ്കർ ഖാന പരിശോധിക്കാറുണ്ടായിരുന്നു. എത്ര ഭക്ഷണം പാകം ചെയ്തു, എത്ര അതിഥികൾ ഭക്ഷണം കഴിച്ചു. കുറവുണ്ടായോ കൂടുതൽ പാചകം ചെയ്യേണ്ടതായി വന്നോ, കൂടുതൽ ബാക്കിയായോ അതനുസരിച്ചാണ് അടുത്ത ദിവസത്തേത് കണക്കാക്കിയിരുന്നത്.കാര്യങ്ങൾ പറഞ്ഞ് ഒഴിവാക്കുന്നതിന് പകരം ഇന്ന് ഇത്ര അതിഥികളും ഡ്യൂട്ടിക്കാരും ഭക്ഷണം കഴിച്ചു. ഇത്ര പേർക്ക് ഭക്ഷണം ലഭിച്ചില്ല അതിനുള്ള കാരണം ഇന്നതാണ് ഈ കാര്യം അഫ്സർ ജലസാ സാലാനയെ ധരിപ്പിക്കുകയെന്നത്. സിയാഫത്ത് വിഭാഗത്തിന്റെ ജോലിയാണ്. പിന്നീട് അദ്ദേഹമാണ് കാര്യങ്ങൾ തീരുമാനിക്കേണ്ടത്. ഇതുപോലെതന്നെ മറ്റു വിഭാഗങ്ങളും സ്ഥിരമായി ഇതിന്റെ റിക്കോർഡ് വെക്കേണ്ടതാണ്. ഈ പരിശോധനയിലൂടെ അടുത്ത ദിവസം അല്ലങ്കിൽ അടുത്ത സമയം ഭക്ഷണം മെച്ചപ്പെടുത്താവുന്നതാണ്. അഥവാ സ്ഥിരമായി ഈ മീറ്റിങ്ങും അടുത്ത ദിവസത്തേക്കുള്ള പ്ലാനിങ്ങും നടത്തിക്കഴിഞ്ഞാൽ പെട്ടെന്ന് തന്നെ മെച്ചപ്പെട്ട അവസ്ഥ ഉണ്ടായിത്തീരുമായിരുന്നു.

ഇതുപോലെതന്നെ ഒരു വിഭാഗം പരിശോധന വിഭാഗം എന്ന പേരിലുണ്ട് ഇത് അഫ്സർ ജലസാ സാലാനയുടെ സ്വന്തം വിഭാഗവും അദ്ദേഹത്തിന്റെ വാളണ്ടിയർമാരുമായിരിക്കും ഇതിൽ ഉണ്ടാവുക.അവർ വിവിധ സ്ഥലങ്ങളിൽ പോയി ശരിയായ രീതിയിൽ ജോലി നടക്കുന്നുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുന്നു. അത്യാവശ്യഘട്ടത്തിലുള്ള എന്തെങ്കിലും പ്രവർ ത്തിയാണെങ്കിൽ അപ്പോൾതന്നെ പരിഹരിക്കാൻ പരിശ്രമിക്കുന്നു. ഏതായിരുന്നാലും ഈ വിഭാഗം കൂടുതൽ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. അതുപോലെതന്നെ, ജലസാഗാഹിൽ ബാത്ത്റൂം, ടോയ്ലറ്റ് കുറവുള്ളതായി അനുഭവപ്പെട്ടു. എന്നാൽ ഈ കോപ്ലക്സിനകത്ത് അനേകം ബാത്ത്റൂമുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാമോ കാരണങ്ങളാൽ തുറന്നില്ല. ചില വൃദ്ധരായ വനിതകൾക്കും പുരുഷന്മാർക്കും ബുദ്ധിമുട്ടും ക്ലേശവും നേരിടേണ്ടതായി വന്നു. എന്നാൽ രോഗികൾക്കും ബലഹീനർക്കും വേണ്ടി പ്രത്യേകം നല്ല ഏർപ്പാട് സാധ്യമായിരുന്നു അങ്ങനെ ഉണ്ടാവേണ്ടതുമാണ്. ഈ രാജ്യങ്ങളിൽ അങ്ങനെ ഉണ്ടാവാറുണ്ട്. ഡ്യൂട്ടി ചെയ്യുന്ന സ്ത്രീകളും പുരുഷന്മാരും ശ്രദ്ധിക്കണം. ഇത്തരം സ്ഥലങ്ങളിൽ നിയമത്തിൽ ഇത്രയധികം കാർക്കശ്യം കാണിക്കരുത്. നിങ്ങളുടെ ജോലി എല്ലാവർക്കും സൗകര്യം ഒരുക്കുകയെന്ന

താണ്. സംഘാടകർ അഥവാ ബാത്ത്റൂം തുറക്കുന്നതിനായി മുമ്പ് അനുവാദം വാങ്ങിയിരുന്നില്ല എങ്കിൽ അവസ്ഥ കണ്ട് പെട്ടെന്ന് തന്നെ അനുവാദം വാങ്ങേണ്ടതായിരുന്നു. ഇനി അഥവാ വാടകയുടെ പ്രശ്നമായിരുന്നുവെങ്കിൽ ,പണം ലഭിക്കുകയായിരുന്നുവെങ്കിൽ, പണം ലഭിക്കുകയെന്നത് വളരെ നല്ല കാര്യമാണ്. എന്നാൽ നാം എല്ലായ്പ്പോഴും ഓർക്കേണ്ടതാണ്. അതിഥികളുടെ അതിഥിസൽക്കാരത്തിൽ കുറവ് വരുത്തിക്കൊണ്ട് നാം പണം ലാഭിക്കാൻ പാടില്ല. അതായത് അതിഥിസൽക്കാരം കുറവ് വരുത്തിക്കൊണ്ട് പണം ലാഭിക്കാൻ പാടുള്ളതല്ല. അതിഥികളുടെ സൽക്കാരം മറ്റെല്ലാ കാര്യങ്ങളെക്കാളും ഉയർന്ന് നിൽക്കേണ്ടതാണ്. അഫ്സർ ജലസാ സാലാനയുടെ ഒരു പ്രത്യേക ടീം ഈ കാര്യം പരിശോധിച്ചുകൊണ്ടിരുന്നെങ്കിൽ ഈ കുറവുകൾ അല്ലെങ്കിൽ ചിലർക്ക് ഉണ്ടായ ഈ ബുദ്ധിമുട്ടുകൾ ഉണ്ടാകുമായിരുന്നില്ല. അതുപോലെതന്നെ ചില അന്യരാജ്യക്കാരായ അതിഥികളിൽ നിന്നും പരാതി ഉണ്ടായിട്ടുണ്ട്, യൂറോപ്പിലെ മറ്റു ചില രാജ്യങ്ങളിൽ നിന്ന് വന്ന നവ അഹ്മ്മദികളെക്കുറിച്ച്, അവർക്ക് ചോദിക്കാനും പറയാനും ആരും ഉണ്ടായിരുന്നില്ല. അതുമൂലം ഏതാനും ചിലർ ദേഷ്യപ്പെട്ട് മടങ്ങിപ്പോകുകയും ചെയ്തു. ഒന്നാമതായി അവർ ഏത് രാജ്യത്തിൽ നിന്നാണോ വന്നത് അവിടുത്തെ അമീറിന്റെയും, മുറബ്ബിയുടേയും, ഇൻചാർജിന്റെയും ജോലിയായിരുന്നു കൂടെകൊണ്ടുവന്നിട്ടുണ്ടായിരുന്നുവെങ്കിൽ പൂർണ്ണമായും സഹായിക്കുക എന്നത്. ഇനി അഥവാ കൂടെ വന്നില്ലായിരുന്നുവെങ്കിൽ കണ്ടുമുട്ടാനുള്ള സ്ഥലവും വ്യവസ്ഥിതിയെക്കുറിച്ചും പൂർണ്ണമായ അറിവ് അവർക്ക് നൽകേണ്ടതായിരുന്നു. ഇത് സ്വാഗതസംഘം വിഭാഗത്തിന്റെയും അതിഥിസൽക്കാര വിഭാഗത്തിന്റെയും താമസം വിഭാഗത്തിന്റെ ജോലികൂടിയാണിത്, പാർക്കിങ്ങുമായി പൂർണ്ണമായ ബന്ധം ഉണ്ടായിരുന്നങ്കിൽ മാർഗനിർദേശത്തിന് സാധിക്കുമായിരുന്നു. ഇതുപോലെതന്നെ കൊണ്ടുവന്ന അതിഥികളെയും നവ അഹ്മദികളെയും കൊണ്ടുപോകുന്നതിന് ജലസക്ക് ശേഷം ശരിയാ ട്രാൻസ്പോർട്ട് സംവിധാനം ഉണ്ടായിരുന്നില്ല. ചിലക്ക് രാത്രി പത്ത് മണിവരെ കാത്തിരിക്കേണ്ടതായി വന്നു. എന്നാൽ ഇസ്തിഖ്ബാൽ വിഭാഗം അവർക്ക് വേണ്ടി ട്രാൻസ്പോർട്ട് സംവിധാനം ഒരുക്കേണ്ടതായിരുന്നു. ഏതായിരുന്നാലും ഏതാനുംപേർക്ക് സംഘാടനത്തിലുണ്ടായിട്ടുള്ള ഈ കുറവ് കാരണം ഏതെങ്കിലും വിധത്തിലുള്ള ബുദ്ധിമുട്ടിലൂടെ കടന്ന് പോകേണ്ടതായിവന്നിട്ടുണ്ട് എങ്കിൽ അത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ഭാവിയിൽ ഇത് പരിഹരിക്കാൻ പരിശ്രമം ഉണ്ടാവേണ്ടതാണ്.

അതിഥികളുടെ അതിഥിസൽക്കാരത്തെക്കുറിച്ച് നാം ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സംഭവങ്ങൾ കേൾപ്പിക്കാറുണ്ട്. എപ്രകാരമാണ് മണിപ്പൂരിൽ നിന്നും അതിഥികൾ വരുകയും ലങ്കർ ഖാനയിൽ വന്ന് ഇറങ്ങുകയും അവിടെയുള്ള സേവകർ ശരിയായ രീതിയിൽ അവരുടെ സാധനങ്ങൾ ഇറക്കിയില്ല. പറഞ്ഞു. നിങ്ങൾ തന്നെ സ്വയം സാധനങ്ങൾ ഇറക്കുക. അതല്ലങ്കിൽ മറ്റെന്തോ കാര്യങ്ങൾ പറഞ്ഞു. ദേഷ്യപ്പെട്ട് അവർ തിരിച്ചുപോയി. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന് ഇത് അറിയാൻ കഴിഞ്ഞപ്പോൾ, അവിടുന്ന് വളരെ വേഗത്തിൽ അവരുടെ പിന്നാലെ പോയി. വളരെ ദൂരത്തിൽ പോയി. പറയുന്നു നദിക്കടുത്ത് വെച്ച് അവർ കുതിര വണ്ടിയിൽ പോകുകയായിരുന്നു അവിടെ വെച്ച് അവരെ തടഞ്ഞു. എന്നിട്ട് തിരിച്ചുകൊണ്ടുവന്നു. എന്നിട്ട് അവിടെ വന്ന് സ്വയം അവരുടെ സാധനങ്ങൾ ഇറക്കാൻ തുടങ്ങി. ഇതാണ് നമ്മുടെ മുമ്പിലുള്ള അതിഥിസൽക്കാരത്തിന്റെ മാതൃക. ജമാഅത്തിന്റെ വ്യവസ്ഥിതിയും വിഭാഗങ്ങളും ഓരോ അഹ്മദിയും എല്ലായ്പ്പോഴും ഇത് തങ്ങളുടെ മുമ്പിൽ വെക്കേണ്ടതാണ്. നാം നമ്മുടെ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. ഞാൻ തുടക്കത്തിൽ ജർമ്മനിയിലുള്ള എന്റെ ഖുത്വുബയിൽ ഈ കാര്യത്തിലേക്ക് സംക്ഷിപ്തമായി ശ്രദ്ധ ക്ഷണിച്ചിരുന്നു. അഥവാ അതിനെക്കുറിച്ച് ചിന്തിച്ചിരുന്നെങ്കിൽ ചില സ്ഥലങ്ങളിൽ ഉണ്ടായ കുറവുകൾ, അതല്ലെങ്കിൽ ചിലർക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമായിരുന്നില്ല. ഇത്തരം കാര്യങ്ങൾ മുഖേന സംഘാടകരുടെ മറ്റു നല്ല പ്രവർത്തനങ്ങളുടെ മേന്മയും ഇല്ലാതായിത്തീരുന്നു. എല്ലാ രാജ്യങ്ങളിലും ജലസ നടക്കാറുണ്ട്. ഇവിടെ യു.കെ. യിലും ഇൻശാഹ് അല്ലാഹ് ജലസ നടക്കുന്നതായിരിക്കും. അത് ഇപ്പോൾ മർക്കസി ജലസ എന്നാണ് പറയപ്പെടുന്നത്. ഇവരും മറ്റു രാജ്യങ്ങളിലെ ജലസയുടെ സംഘാടകരും, ആഴത്തിൽ ഈ കാര്യങ്ങൾ പരിശോധിക്കേണ്ടതാണ്. ഒരു രാജ്യത്ത് ഇത് സംഭവിച്ചു ഞങ്ങൾക്ക് സംഭവിച്ചിട്ടില്ല എന്ന് കരുതരുത്. എല്ലായിടങ്ങളിലും ജലസയുടെ നല്ല സ്വാധീനം എല്ലായിടത്തും നിലനിൽക്കുന്നതിനുവേണ്ടി. എവിടെയെല്ലാം ഏതെല്ലാം വിഭാഗങ്ങളിലാണോ കുറവും ബലഹീനതയും ഉളളത് അത് പരിഹരിക്കേണ്ടതാണ്. ഇനി സ്ത്രീകളെക്കുറിച്ചു പറയാം പൊതുവിൽ മെയ്ൻ ഹാളിൽ നിശബ്ദത ഉണ്ടായിരുന്നു. എന്നാൽ കുട്ടികളുടെ ഹാളിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിരുന്നത്, ഇതിനെക്കുറിച്ച് ഞാൻ അവിടെവെച്ചും പറഞ്ഞിരുന്നു. കുട്ടികളുടെ ബഹളത്തിന്റെ കാരണം പറഞ്ഞ് സ്ത്രീകളാണ് കൂടുതൽ സംസാരിച്ചിരുന്നത്. അങ്ങനെ ഉണ്ടാവാൻ പാടുള്ളതല്ല. ഭാവിയിൽ ഇത് ശ്രദ്ധിക്കേണ്ടതാണ്. ഏതായിരുന്നാലും ഇതെല്ലാം ഉണ്ടായിരുന്നിട്ടും ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ജലസ പൊതുവിൽ വളരെ നല്ലതായിരുന്നു. പ്രോഗ്രാം വളരെ നല്ലതായിരുന്നു. പ്രസംഗങ്ങളും വളരെ നല്ലതായിരുന്നു. ആളുകളുടെ ആവേഷവും ഉണർവും ഉന്നതമായിതായിരുന്നു. അല്ലാഹു ഇതിന്റെ ബർക്കത്തും എല്ലായ്പ്പോഴും നിലനിർത്തട്ടെ. എല്ലാ പങ്കെടുത്തവരും അവർക്ക് വേണ്ടി ഡ്യൂട്ടി ചെയ്യുകയും സമയം നൽകുകയും അധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്ത ഉദ്യോഗസ്ഥരോട് നന്ദി പ്രകടിപ്പിക്കേണ്ടതാണ്. അല്ലാഹു അവർക്ക് എല്ലാവർക്കും പ്രതിഫലം നൽകുമാറാകട്ടെ. ഉദ്യോഗസ്ഥരായ സ്ത്രീകളും പുരഷന്മാരും അല്ലാഹുവിന് നന്ദി കാണിക്കുന്നവരായി മാറണം. കാരണം അല്ലാഹു അവർക്ക് ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളെ സേവിക്കാൻ അവസരം നൽകി. അല്ലാഹു ഇവരെ എല്ലാവരെയും, എല്ലാ അഹ്മദികളേയും എല്ലായ്പ്പോഴും പരസ്പരം സഹാനുഭൂതി കാണിക്കുന്നതിലും സേവന മനോഭാവത്തിലും മുഴുകിയവരാക്കിത്തീർക്കുമാറാകട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 June 08 at : **Baithul Futuh, UK**
Translation: M.Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**